## അടിയന്തരപ്രമേയം

### പാട്ടക്കരാർ ലംഘനം

മി. സ്പീക്കർ : പാട്ടഭൂമിക്ക് വ്യാജരേഖ ചമച്ചും ബാങ്കുകളിൽ നിന്ന് വൻതുക വായ്പ എടത്തും ഭൂമി കൈമാറിയും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ച നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ നടപടികൾ അട്ടിമറിക്കപ്പെട്ടിരിക്കുന്നുവെന്നും ഹൈക്കോടതിയിലെ കേസ് നടത്തിപ്പിൽ വീഴ്ചകളും അലംഭാവവും വരുത്തി നിയമാനുസൃത നിലപാടുകളും വാദങ്ങളും ഉയർത്താതെ കേസ്സുകളിൽ നിരന്തരം തോറ്റുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ചും ഇന്നത്തെ സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ചെന്താമരാക്ഷൻ, വി.എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, രണ്ട് എസ്റ്റേറ്റുകളെക്കുറിച്ചാണ് ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും വരുത്തിയിട്ടില്ല. ശ്രീ. വി. ചെന്താമരാക്ഷന് തന്നെ അറിയാം, മുൻകാലങ്ങളിൽ എറ്റെടുത്ത എസ്റ്റേറ്റുകൾ പരിപാലിക്കുന്നില്ലെന്നും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നില്ലെന്നുമുള്ള ധാരാളം കാര്യങ്ങൾ പറഞ്ഞ് അങ്ങുതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്നെ സമീപിച്ചിട്ടുണ്ട്. അപ്പോഴെല്ലാം വളരെ

കൃത്യമായ നിലപാട് എടുത്തിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. പാട്ടക്കരാർ ലംഘിക്കുകയോ പാട്ടക്കാലാവധി കഴിയുകയോ ചെയ്യുന്ന ഒരു എസ്റ്റേറ്റും യാതൊരുകാരണവശാലും വിട്ടുകൊടുക്കുന്ന ഒരു നിലപാട് ഈ ഗവൺമെന്റ് എടുക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. അത് അങ്ങയെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താങ്കളുടെ നെല്ലിയാമ്പതിയിൽ തന്നെയുള്ള ഏതാണ്ട് **486.63** ഹെക്ടർ സ്ഥലം വരുന്ന മീരാഫ്ളോർ എസ്റ്റേറ്റ് വളരെ വേഗത്തിൽത്തന്നെ എറ്റെടുക്കുകയും അവിടെയുള്ള തൊഴിലാളികളെ പരിപാലിക്കണമെന്ന് അങ്ങടക്കമുള്ള ജനപ്രതിനിധികളുടെ നിർബന്ധത്താൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ അദ്ദേഹത്തിന്റെ ചേമ്പറിൽ വിളിച്ചുചേർത്ത യോഗത്തിൽ അവർക്ക് തൊഴിൽ കൊടുക്കാൻ തീരുമാനിക്കുകയും ആ തൊഴിലാളികൾക്ക് മുഴുവൻ, കേരള വനം വികസന കോർപ്പറേഷനെക്കൊണ്ട് എസ്റ്റേറ്റുകൾ മാനേജ് ചെയ്യിക്കുകയും അവിടെ ജോലി കൊടുക്കുകയും ചെയ്തിട്ടുണ്ട്. മുമ്പും ഈ സഭയിൽ അത് വിശദീകരിച്ചിട്ടുണ്ട്. മാത്രമല്ല, എസ്റ്റേറ്റുകൾ ഏറ്റെടുത്തതിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. എസ്റ്റേറ്റുകൾ ഏറ്റെടുക്കുക മാത്രമല്ല, ബഹുമാനപ്പെട്ട ഹൈക്കോടതി ഇതിൽ 3 കേസ്സുകൾ സ്റ്റേയിലൂടെ 3 മാസത്തേയ്ക്ക് തടഞ്ഞിട്ടുണ്ട്. ആദ്യം ഈ എസ്റ്റേറ്റുകൾ ഏറ്റെടുത്ത നടപടി വരുമ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി നോട്ടീസ് കൊടുക്കാതെ അവരുടെ അവകാശങ്ങളെ

ലംഘിച്ചുകൊണ്ട് എസ്റ്റേറ്റ് ഏറ്റെടുത്തുവെന്ന് വിധി പറഞ്ഞു. അതു കൊണ്ട് നോട്ടീസ് കൊടുത്ത് അവരെ ഹിയർ ചെയ്തതിനുശേഷം എസ്റ്റേറ്റ് ഏറ്റെടുക്കണമെന്ന് നിർബന്ധിച്ചു. രാജാക്കാട് എസ്റ്റേറ്റ്, മാങ്കുണ്ട് എസ്റ്റേറ്റ്, ചെറുനെല്ലി എസ്റ്റേറ്റ് ഇവ ഏറ്റെടുത്തതിനുശേഷം ആ നടപടി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം വനം പ്രിൻസിപ്പൽ സെക്രട്ടറി മുഴുവൻപേരേയും വിളിച്ചുവരുത്തി ഹിയർ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഏറ്റെടുക്കാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിന്റെ പേരിൽ ഉടമസ്ഥർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ വീണ്ടും സമീപിച്ച് 3 മാസ ത്തേയ്ക്ക് സ്റ്റേ വാങ്ങി. അവർക്ക് മറ്റൊരു കോടതിയെ സമീപിച്ച് അപ്പീൽ വാങ്ങി, നിയമപരമായ സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ സമയം നൽകി ഏറ്റെടുക്കണമെന്ന് ആ ഉത്തരവിൽത്തന്നെ പറയുന്നുണ്ട്. ഇതിൽ ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുത്തപ്പോൾ, വിട്ടുകൊടുക്കാനുള്ള വിധി വന്നപ്പോൾ തൊട്ടടുത്ത ദിവസം തന്നെ വിട്ടുകൊടുത്തുവെന്ന കാരണ ത്താൽ ആവശ്യമില്ലാത്ത തിരക്ക് കാണിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത നയമാണ് ഈ സർക്കാരി നുള്ളത്. യാതൊരു കാരണവശാലും ഇതൊന്നും വിട്ടുകൊടുക്കാൻ ഉദ്ദേ ശിക്കുന്നില്ല. ചാലക്കുടിയിലെ ഹാരിസൺ മലയാളത്തിന്റെ കൈവശമി രുന്ന മുപ്ലിവാലി എസ്റ്റേറ്റിനെക്കുറിച്ചാണ് അങ്ങ് ഈ അടിയന്തരപ്രമേയ ത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ഈ എസ്റ്റേറ്റിനെ സംബന്ധിച്ച് വളരെ

വർഷങ്ങളായി നടക്കുന്ന നിയമയുദ്ധമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2009–ൽ ഈ എസ്റ്റേറ്റ് ഏറ്റെടുക്കാനുള്ള തീരുമാനമെടുത്തു. ആ തീരുമാനത്തെ മറികടക്കാൻ വേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും അവിടെ നിന്ന് അനുകൂലമായ വിധി സുപ്രീം കോടതി യിൽ പോവുകയും ചെയ്തു. സുപ്രീംകോടതിയിൽ നിന്നും ഗവൺമെന്റ് ഇക്കാര്യത്തിൽ സ്റ്റേ വാങ്ങി നിൽക്കുകയാണ്. അതുകൊണ്ട് ഇക്കാര്യ ത്തിൽ ഒരു ആശങ്കയുടെ കാര്യമില്ല. വളരെ കൃത്യമായി എസ്റ്റേറ്റുകൾ ഏറ്റെടുക്കും. ഇത് കേരളത്തിന്റെ മൊത്തം പരിസ്ഥിതിയെ ബാധിക്കുന്ന, വനമേഖലയ്ക്ക് നഷ്ടം സംഭവിക്കാത്ത നിലയിൽ ഈ ഗവൺമെന്റ് അധി കാരത്തിൽ വന്നതിനുശേഷം ഒരു സെന്റ് ഭൂമിപോലും ഒരു വ്യക്തിക്കും വിട്ടുകൊടുത്തിട്ടില്ല. അതിൽ യാതൊരു ആശങ്കയ്ക്കും വകയില്ല. ഗവൺമെന്റ് നിലപാട് വളരെ വ്യക്തമാണ്. ഒരു കാരണവശാലും കേസ്സുകൾ തോറ്റുകൊടുക്കുന്ന പ്രശ്നമില്ല. ബഹുമാനപ്പെട്ട കോടതിയുടെ മുമ്പിൽ വാദങ്ങൾ നിരത്താനേ നമുക്ക് കഴിയൂ. എന്ത് വിധിയാണ് പറയേ ണ്ടതെന്ന് കോടതിയെ നിർബന്ധിക്കാൻ നമുക്ക് കഴിയില്ല. പക്ഷേ, കൃത്യ മായ വാദങ്ങൾ നിരത്തുകയും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്തുകൊണ്ട് ഈ കേസ്സുകൾ വളരെ കൃത്യമായി നടത്തും. ഇതിനെപ്പറ്റി മാദ്ധ്യമങ്ങളിൽ കണ്ടുവരുന്ന ആരോപണമുണ്ട്. അത് മീനമ്പാറ എസ്റ്റേറ്റിനെക്കുറിച്ചാണ്. അതൊരു തെറ്റായ വാർത്തയാണ്. കാരണം, ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കാൻ വൈകി

എന്ന നിലയിലാണ് വാർത്ത പ്രചരിപ്പിച്ചത്. ഇന്നലെ ഈ സഭയിൽ ചോദ്യോത്തരവേളയിൽ അതിനെപ്പറ്റി ചോദിക്കുകയുണ്ടായി. അത് ശരിയല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി അവധിയായിരുന്നതിനാൽ നമ്മൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.എൽ.പി. 2-7-2012-ൽ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട സുപ്രീം കോടതി ഡി. നമ്പർ 21450/2012 എന്ന് നമ്പരിട്ട് ആ കേസ് ഫയലിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ ഒരു വീഴ്ചയും വരില്ല. ഏറ്റവും നല്ല വക്കീലന്മാരെ വച്ച് കേസ് നടത്തും. അത്യാവശ്യ സന്ദർഭങ്ങളിൽ അഡ്വക്കേറ്റ് ജനറൽ നേരിട്ട് ഹാജരായി ഈ കേസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്. അതുകൂടാതെ, ചെറുനെല്ലി അടക്കമുള്ള നെല്ലിയാമ്പതി എസ്റ്റേറ്റുകളുടെ കേസ്സുകൾ കൈകാര്യം ചെയ്യാൻ വനംവകുപ്പ് നിയമിച്ച പ്രോസിക്യൂട്ടർമാർ കൂടാതെ റവന്യൂ വകുപ്പിന്റെ ചുമതലയുള്ള പ്രോസിക്യൂട്ടർമാരെ അക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുടെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം നിയോഗിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു വീഴ്ചയും വരുമെന്ന ആശങ്ക ഇല്ലാത്തതിനാൽ ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, വിഷയത്തിന്റെ ഗൗരവമെല്ലാം ചോർത്തിക്കളയുന്ന രീതിയിലാണ് സഭയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യു.ഡി.എഫ്. നേതൃത്വം ഇങ്ങനെ വനഭൂമി തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുന്ന ആളുകൾക്ക് പിന്തുണ കൊടുക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയം ചർച്ച ചെയ്ത് യു.ഡി.എഫ്. നേതൃത്വം തീരുമാനമെടുത്ത് സർക്കാർ ഇത്തരം കാര്യങ്ങളിൽ എടുക്കുന്ന ശരിയായ നടപടികളെ തടയുന്നതിനുവേണ്ടിയുള്ള തീരുമാനമാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും വന്നതെന്ന് കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും വന്നതാണ്. കേരളത്തിലെ ഗവൺമെന്റിന്റെ പ്രതിനിധിയാണല്ലോ ചീഫ് വിപ്പ്. ചീഫ് വിപ്പ് പറയുന്നത്, സർക്കാരിന്റെ നയമാണോ? ഇവിടെ മന്ത്രി പറഞ്ഞതിന് കടകവിരുദ്ധമായിട്ടാണ് ചീഫ് വിപ്പ് പറഞ്ഞുകൊണ്ടിരിക്കുന്നത്. മന്ത്രി പറയുന്നതാണോ ചീഫ് വിപ്പ് പറയുന്നതാണോ ഗവൺമെന്റിന്റെ നയം.

മി. ചെയർമാൻ : അദ്ദേഹം പറയുന്നുണ്ടല്ലോ.

ശ്രീ. വി. ചെന്താമരാക്ഷൻ : അതിനെ സംബന്ധിച്ചാണ് മന്ത്രി കൃത്യമായ മറുപടി പറയേണ്ടത്. എന്നെ ബോധ്യപ്പെടുത്തേണ്ട കാര്യമില്ല. എനിക്ക് ചില കാര്യങ്ങളൊക്കെ അറിയാം. തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് വസ്തുത തന്നെയാണ്. പക്ഷേ, ആരുപറയുന്നതാണ്. ഗവൺമെന്റിന്റെ നയം. സർക്കാർ

ചീഫ് വിപ്പ് പറയുന്നതാണോ മന്ത്രി പറയുന്നതാണോ സർക്കാരിന്റെ നയം. ചീഫ് വിപ്പ് പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കാര്യ ങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ മന്ത്രിയെ ഉൾപ്പെടെ മാറ്റി. തോട്ടം മുതലാളിമാരുടെ സ്വകാര്യ താൽപ്പര്യം സംരക്ഷിക്കുന്നതിനാ വശ്യമായ നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പാട്ടക്കരാർ ലംഘിച്ചതിന് നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള നീക്കം അതിന്റെ ഭാഗമായി അട്ടിമറിക്കപ്പെട്ടിരിക്കുന്നു. പാട്ടക്കരാർ ലംഘനം നട ത്തിയ 27 വനം വകുപ്പ് എസ്റ്റേറ്റുകൾ സംസ്ഥാനത്തുണ്ട്. അതിൽ നെല്ലി യാമ്പതി മേഖലയിലാണ് ഭൂരിപക്ഷം എസ്റ്റേറ്റുകളും. ചില സ്വകാര്യ ഉടമ കൾക്കുവേണ്ടി സർക്കാരിൽ സമ്മർദ്ദം ഉണ്ടായതിനെത്തുടർന്ന് വനഭൂമി സംരക്ഷണവുമായി ബന്ധപ്പെടുത്തി ഹൈക്കോടതിയിൽ എത്തിയ കേസ്സു കളിൽ സർക്കാർ ഭാഗം നിരന്തരമായി തോറ്റുകൊണ്ടിരിക്കുകാണ്. ചെറു നെല്ലി, മുപ്ലിവാലി എന്നീ എസ്റ്റേറ്റുകൾ പാട്ടത്തിനെടുത്തവർക്ക് വനം വകുപ്പ് തിരിച്ച് നൽകേണ്ടി വന്നിരിക്കുന്നു. മുപ്ലിവാലി എസ്റ്റേറ്റിന് 4896 ഏക്കർ ഭൂമിയും ചെറുനെല്ലി എസ്റ്റേറ്റിന് 278.80 ഏക്കർ ഭൂമിയുമാണുള്ള ത്. കരാർ ലംഘിച്ച് മറ്റ് സ്ഥലങ്ങളിലുള്ളവരുടെ പാട്ടക്കരാർ റദ്ദാക്കുന്നതി നുള്ള നടപടികളും അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ബഹുമാന്യനായ മന്ത്രി പറ ഞ്ഞതല്ല വസ്തുത. വസ്തുത നേരെ തിരിച്ചാണ്. ആ നിലയിൽ ശക്തമായ നടപടി സ്വീകരിക്കണം. ചെറുനെല്ലി എസ്റ്റേറ്റ്, നെല്ലിയാമ്പതിയിലെ രവി വർമ്മ എസ്റ്റേറ്റ് കേസ്സുകൾ നടത്തിപ്പിലെ അപാകതകൾ കൊണ്ടുമാത്ര

മാണ് തിരിച്ചുകൊടുക്കേണ്ട സ്ഥിതിവിശേഷമുണ്ടായത്. കൈയ്യേറ്റ ക്കാർക്ക് നോട്ടീസ് നൽകി അവരുടെ വാദം കൂടി കേട്ട ശേഷമേ ഏറ്റെടു ക്കാവൂ എന്ന സ്ഥിതിവിശേഷം എങ്ങനെയാണുണ്ടായത്? കോടതിയിൽ കേസ് ശരിയായ രീതിയിൽ നടത്താത്തതിന്റെ ഭാഗമായാണുണ്ടായത്. ജഡ്ജിമാർ വിധി പറയുമ്പോൾ ഇന്നത് പറയണമെന്ന് പറയാൻ കഴിയി ല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ വാദം ശരിയായ രൂപത്തിൽ ഉന്നയിക്കാമല്ലോ. വാദം ഗവൺമെന്റിനുവേണ്ടിയും നാടിനുവേണ്ടിയും ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടിയും ഈ നാടിന്റെ സമഗ്രമായ പുരോഗ തിയുമായി ബന്ധപ്പെടുത്തിയിട്ടുള്ള രീതിയിലുമല്ലേ വേണ്ടത്. അപ്പുറ ത്തുള്ള ആളുകൾക്കുവേണ്ടിയാണ് കോടതിയിൽ സർക്കാർ വക്കീലന്മാർ ഇടപെടുന്നത്. കാര്യങ്ങൾ പറയേണ്ട സമയത്ത് മിണ്ടാതിരിക്കുകയാണ്. അർത്ഥഗർഭമായ മൗനം, അനാവശ്യമായിട്ടുള്ള വാദങ്ങൾ സർക്കാർ വക്കീലന്മാരുടെ ഭാഗത്തുനിന്നും വരികയാണ്. ഇത് കേരളത്തിന് നാണ ക്കേടാണ്. അതാണ് അതിന്റെ പ്രശ്നം. ഇതിനെല്ലാം പിന്തുണ കൊടു ക്കുന്ന രീതിയിലുള്ള സമീപനമാണ് ചീഫ് വിപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. യു.ഡി.എഫ്.-ന്റെ ഉന്നത നേതൃത്വം ചർച്ച ചെയ്ത് ചീഫ് വിപ്പിനെ നെല്ലിയാമ്പതിയിലേയ്ക്ക് കയ്യേറ്റം സംരക്ഷിക്കുന്നതിനുവേണ്ടി പറഞ്ഞയയ്ക്കുകയാണെന്നാണ് ഇതുമായി ബന്ധപ്പെടുത്തി എനിക്ക് പറ യാനുള്ളത്. നിയമലംഘനം നടത്തിയ 27 എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള നീക്കമാണ് ഇപ്പോൾ തടസ്സപ്പെട്ടിരിക്കുന്നത്. നെല്ലിയാമ്പതി വനമല്ല എന്ന

തോട്ടം ഉടമകളുടെ വാദം 2004-ൽ തന്നെ സുപ്രീംകോടതിയുടെ ഉന്നതാധികാര സമിതി തള്ളിക്കളഞ്ഞതാണ്. പാട്ടക്കരാർ ലംഘിച്ചവർക്കെതിരേയും വനസംരക്ഷണനിയമം ലംഘിച്ചവർക്കെതിരേയും ശക്തമായ നടപടി സ്വീകരിക്കണമെന്ന് നിരവധി കോടതി വിധികൾ വന്നു. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണ്ടേ? യു.ഡി.എഫ്. ഗവൺമെന്റ് അനങ്ങുന്നില്ല.. വനഭൂമി തട്ടിയെടുക്കുന്നതിനാവശ്യമായ ഗൂഢനീക്കങ്ങൾ ഇപ്പോൾ സജീവമാണ്. . അണിയറയിൽ പണം നൽകി, മറ്റ് രീതികളിൽ സ്വാധീനിച്ച്, രേഖകൾ തിരുത്തി ഭൂമി സ്വന്തമാക്കുന്നതിനുള്ള ഗൂഢനീക്കങ്ങൾ ശക്തമായി തടയണം. അതാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടത്. ഇത് സംബന്ധിച്ച് വിശദമായി അന്വേഷിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനുവേണ്ടി ഒരു ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് ആരൊക്കെയാണ് പ്രതികളെന്ന് കണ്ടുപിടിക്കണം. ഉദ്യോഗസ്ഥൻമാരുണ്ടെങ്കിൽ അവരേയും വക്കീലന്മാരുണ്ടെങ്കിൽ അവരേയും രാഷ്ട്രീയനേതൃത്വത്തിലെ ഉന്നതന്മാരുണ്ടെങ്കിൽ അവരേയും ഉൾപ്പെടെ പ്രതിചേർത്ത് ശരിയായ രൂപത്തിലുള്ള കേസ് എടുത്താൽ ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും തടയാൻ കഴിയും. അതിനാവശ്യമായിട്ടുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 1983-ൽ കൊച്ചി രാജാവ് വനഭൂമി പാട്ടത്തിന് കൊടുത്തതാണ്. 27 തോട്ടങ്ങളിലായി 9400 ഏക്കർ ഭൂമിയുണ്ട്. പാട്ടക്കരാറിന്റെ ലംഘനം നടത്തിയ തോട്ടങ്ങളാണ് ഏറ്റെടു

ക്കുന്നത്. 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ സെക്ഷൻ (2)-ന്റെ നഗ്നമായ ലംഘനം, ഭൂമി വിഭജിച്ച് സ്വകാര്യ വ്യക്തികൾക്ക് വിൽക്കുക, അത് സെക്ഷൻ (2) ന്റെ ലംഘനമാണ്. സർക്കാരിന്റെ അനുമതിയില്ലാതെ വനേതരാവശ്യങ്ങൾക്കുവേണ്ടി ടൂറിസം റിസോർട്ടുകളുണ്ടാക്കുക, വ്യാപകമായി മരങ്ങൾ മുറിച്ചുവിൽക്കുക, വ്യാജ രേഖ ചമച്ച് ആധാരം രജിസ്റ്റർ ചെയ്യുക, വ്യാജരേഖയുണ്ടാക്കി വനഭൂമി പണയപ്പെടുത്തി കോടിക്കണക്കിന് രൂപ തട്ടിയെടുക്കുകയാണ്. ഇതൊക്കെ കൊണ്ടാണ് സർക്കാർ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചത്. അതുപോലെതന്നെ ഇന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി നേരത്തെ റവന്യൂ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് നിയമസഭയിൽ പറഞ്ഞു 2500 കോടി രൂപ ലീസ് റെന്റ് അടയ്ക്കാൻ ബാക്കിയുണ്ട്. നടപടി സ്വീകരിക്കണ്ടേ?. ആ നിലയിലുള്ള ഗുരുതരമായ തെറ്റ് കണ്ടതിന്റെ പേരിലാണ് ഈ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ സമീപനം ഉണ്ടായിട്ടുള്ളത്. ആ നിലയിൽ ആൾമാറാട്ടം നടത്തിയിട്ടാണ് രേഖകൾ ഉണ്ടാക്കുന്നത്. ഇപ്പോൾ ഗവൺമെന്റിന്റെ ചീഫ് വിപ്പ് ഗവൺമെന്റിന് എഴുതികൊടുത്ത ഒരു പരാതിയിൽ മരിച്ചുപോയ 6 പേരുടെ ഒപ്പാണിട്ടുകൊടുത്തിരിക്കുന്നത്. എന്താണിവിടെ നടക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി അപ്പോൾതന്നെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ വിളിച്ച് എല്ലാ നടപടികളും നിറുത്തിവയ്ക്കാൻ ആവശ്യപ്പെടുകയാണ് ചെയ്തത്. ഇന്നലെ ഇവിടെ ഒരു പ്രേതാത്മാവ് നിയമസഭയിൽ പ്രസംഗിച്ച അത്ഭുതം ഈ കേരളത്തിൽ ഉണ്ടായി.

ഇപ്പോൾ മരിച്ചുപോയ ആളുകളുടെ ഒപ്പിട്ട പരാതിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നടപടികൾ സ്വീകരിക്കുകയാണ്. ഈ കേരളത്തിൽ എന്തൊക്കെയാണ് നടക്കുന്നത്. ഇത്തരം ഒരു സ്ഥിതിവിശേഷം ഗൗരവമായി ചർച്ചചെയ്യണം.. ഇത്തരം ഒരു സ്ഥിതിവിശേഷത്തിന് നേതൃത്വം കൊടുക്കുന്നത് ചീഫ് വിപ്പാണ്. ശക്തമായിട്ടുള്ള നിലപാട് സ്വീകരിക്കുന്നില്ല. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഇതല്ല ഇതിനപ്പുറവും സംഭവിക്കും. നിസ്സാര ഭൂരിപക്ഷമുള്ളതുകൊണ്ട് ആര് എന്തുപറഞ്ഞാലും അത് അംഗീകരിച്ചുകൊടുക്കുന്ന ഒരു മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളത്. തെളിച്ചവഴിയേ നടന്നില്ലെങ്കിൽ നടന്നവഴിയേ തെളിക്കുക എന്ന സ്ഥിതിവിശേഷം ഈ കേരളത്തിലുണ്ട്. എൽ.ഡി.എഫ്.ന്റെ കാലത്ത് സർക്കാർ ഭൂമി, വനഭൂമി, കൃഷി ഭൂമി, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോഴെന്താണ് സ്ഥിതി? ഇത്തരം ഭൂമികൾ സംരക്ഷിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കേരളത്തിലെ ജനങ്ങളോടാണോ അതോ കേരളത്തിലെ മാഫിയകളോടാണോ യു.ഡി.എഫ്.ന്റെ പ്രതിബദ്ധത എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇത് തടയണം. കേരളത്തിലെ പ്രതിപക്ഷം മാത്രമല്ല ഇതാവശ്യപ്പെടുന്നത്.. കേരളത്തിലെ സമുന്നതനായ കോൺഗ്രസ് നേതാവ് ശ്രീ. വി. എം. സുധീരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇടപെടാൻ പറഞ്ഞു. അന്വേഷിച്ച് ആവശ്യമായ

നടപടി സ്വീകരിക്കാൻ പറഞ്ഞു. ബഹുമാന്യനായ കോൺഗ്രസ് നേതാവ് ശ്രീ. വി.എം. സുധീരനെ നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ എനിക്കൊന്നും പറയാനില്ല. അഡ്വക്കേറ്റ് ജനറൽ നേരത്തെ തോട്ടം ഉടമകളുടെ വക്കീലായിരുന്നു. തോട്ടം ഉടമകളുടെ കേസ് വാദിച്ച വക്കീലാണ് ഇപ്പോഴത്തെ അഡ്വക്കേറ്റ് ജനറൽ.

<u>മി. സ്പീക്കർ</u> : ശ്രീ. വി. ചെന്താമരാക്ഷൻ പ്ലീസ് കൺക്ലൂഡ്. പൊതു ചർച്ച വരുന്നുണ്ട്. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> സർ, അഡ്വക്കേറ്റ് ജനറൽ തോട്ടം ഉടമകളുടെ താല്പര്യമാണോ സംരക്ഷിക്കുന്നത്. അത് അറിയാനുള്ള താല്പര്യമുണ്ട്. എസ്റ്റേറ്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഹർജികൾ രേഖാമൂലം സർക്കാർ നിലപാട് അറിയിക്കുവാൻ ആവശ്യപ്പെട്ടിട്ട് അതിന് സർക്കാർ തയ്യാറാകത്തിൽ ഞാൻ രാജിവയ്ക്കുന്നു എന്നാണ് ഗവൺമെന്റ് പ്ലീഡർ രാജിവച്ചപ്പോൾ അതുമായി ബന്ധപ്പെടുത്തി പറഞ്ഞത്. ബഹുമാന്യനായ മന്ത്രി പറഞ്ഞു ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുത്തുവെന്ന്. ഇത് ഏറ്റെടുക്കാൻ പോയപ്പോൾ ഡി.എഫ്.ഒ. എന്നെ വിളിച്ചിരുന്നു. ഞാൻ പറഞ്ഞു നിയമാനുസൃതമായ നടപടി സ്വികരിക്കണമെന്ന്. നിയമാനുസൃതമായ നടപടിയാണ് സ്വീകരിക്കുന്നതെന്ന് അപ്പോൾ ഡി.എഫ്.ഒ. പറഞ്ഞു. അത് പറഞ്ഞ മൂന്നാം ദിവസം കോടതി ഏറ്റെടുക്കാൻ തീരുമാനിച്ചത് റദ്ദാക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ചെന്താമരാക്ഷൻ 10 മിനിട്ടാകാൻ പോകുന്നു. പ്ലീസ് കൺക്ലൂഡ്. നോ..... നോ....... 10 മിനിട്ട് ആകുന്നു.

ശ്രീ. വി ചെന്താമരാക്ഷൻ: സർ, ഒരു മിനിട്ടുകൂടി. റദ്ദാക്കിയ വിവരം അന്നുവൈകുന്നേരം സ്വകാര്യ ഫാക്സിൽ വന്നു. അപ്പോൾതന്നെ നടപടി എടുത്തു. ഗവൺമെന്റ് ഏറ്റെടുത്ത ഭൂമി അപ്പോൾതന്നെ തിരിച്ചു കൊടുക്കുകയാണ്. ഇത് നാണക്കേടല്ലേ. ഏതാണ്ട് സമാനമായ സ്ഥിതിവിശേഷം തന്നെയാണ് മുപ്ലിവാലി എസ്റ്റേറ്റിന്റെ കാര്യത്തിലുമുണ്ടായിട്ടുള്ളത്. ഏറ്റെടുത്ത എസ്റ്റേറ്റുകളിലെ തൊഴിലാളികളെല്ലാം ദുരിതത്തിലാണ്. ദുരിതത്തിലായ തൊഴിലാളികളെ മുതലാളിമാർ ഉപയോഗപ്പെടുത്തുകയാണ്. തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. എൽ.ഡി.എഫ്-ന്റെ കാലത്ത് നിയമാനുസൃതമായ നടപടികളിലൂടെയായിരുന്നു എസ്റ്റേറ്റുകൾ ഏറ്റെടുത്തിരുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് വനഭൂമി, സർക്കാർ ഭൂമി, യൂണിവേഴ്സിറ്റി ഭൂമി എല്ലാം അനധികൃതമായി കൈമാറ്റം ചെയ്യപ്പെടുന്നു. ഇത്തരമൊരു സ്ഥിതവിശേഷം എന്തായാലും ഗൗരവമായി ചർച്ചചെയ്യണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

## വ്യക്തിപരമായ വിശദീകരണം.

ശ്രീ. പി. സി. ജോർജ്: സർ, ഒരിഞ്ച് വനഭൂമി പോലും നശിപ്പിക്കാൻ ഇന്നുവരെ എന്റെ ജീവിതത്തിൽ ഞാൻ കൂട്ടുനിന്നിട്ടില്ല, ഇനി നിൽക്കുകയുമില്ല. ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷൻ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഈ നിയമസഭയുടെ രണ്ടാം നിലയിലൂടെ നടന്നുവരുന്നു. അദ്ദേഹത്തിന്റെ മുഖം കണ്ടപ്പോൾ എന്താ ചെന്താമരാക്ഷാ എന്ന് ഞാൻ ചോദിച്ചു. അദ്ദേഹത്തിന്റെ കൂടെ പത്തിരുപത് കൃഷിക്കാരുമുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ ഇവരുടെ കാര്യം പറയാൻ ചെന്നിട്ട് മന്ത്രി മാന്യമായി പെരുമാറിയില്ല എന്ന് എന്നോട് പരാതി പറഞ്ഞു. എനിക്കറിയാം ഈ തോട്ടം. ഞാൻ പെറ്റീഷൻ കമ്മിറ്റിയുടെ ചെയർമാനായപ്പോൾ ആ എസ്റ്റേറ്റ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ട് അവതരിപ്പിച്ച ആളാണ്. റിപ്പോർട്ട് അവതരിപ്പിക്കുക മാത്രമല്ല ആ സ്ഥലം ...........(ബഹളം)...........ഞാൻ നിങ്ങൾ പറഞ്ഞത് മിണ്ടാതിരുന്നു കേട്ടല്ലോ. അതുപോലെ ഞാൻ പറയുന്നതും കേൾക്ക്. ആ ഒരു മര്യാദ കാണിക്കണം........(ബഹളം)....... സർ, എന്നെ പറയാൻ അനുവദിക്കണം.

മി. സ്പീക്കർ : നോ...... അങ്ങ് പേഴ്സണൽ എക്സ്പ്ലനേഷൻ മാത്രം പറഞ്ഞാൽ മതി. മന്ത്രി മറുപടി പറയും

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഒന്ന് പറയട്ടെ.........(ബഹളം).........

മി. സ്പീക്കർ: നോ...... നോ...... പ്ലീസ് മന്ത്രിയാണ് മറുപടി പറയേണ്ടത്. അങ്ങയുടെ എക്സ്പ്ലനേഷൻ മാത്രം മതി.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷനുമായി ലേബർ മിനിസ്റ്ററെ കാണുകയും തൊഴിലാളികളെ ഏറ്റെടുക്കാൻ വേണ്ടി ആ കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്തു. . മരിച്ചവർക്കുവേണ്ടി പരാതി കൊടുത്തുവെന്ന് ഇവിടെ പറഞ്ഞു. എന്റെ വീടിനടുത്തു താമസിക്കുന്ന മുരുക്കോലി കൊച്ചുതമ്പിയുടേയും അദ്ദേഹത്തിന്റെ ഭാര്യയുടേയും പേരിലുള്ള 290 ഏക്കർ ഭൂമി 70–80 വർഷങ്ങളായി അവരുടെ കൈവശമിരുന്നതാണ്. ഫോറസ്റ്റ് ആക്ട് പ്രകാരം ഈ വസ്തു ഏറ്റെടുക്കാൻ പോയപ്പോൾ അവിടത്തെ മുരുക്കോലി കൊച്ചുതമ്പിയും ഭാര്യയുമുൾപ്പെടെയുള്ള ആളുകൾ ഒപ്പിട്ട് നിവേദനം കൊടുത്തു. ............(ബഹളം)............(ബഹളം).........സർ പറയാതിരിക്കാൻ പറ്റില്ല. .........(ബഹളം).......

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് മറുപടി പറയേണ്ടത് മന്ത്രിയാണ്. അങ്ങേയ്ക്ക് മറുപടി പറയാൻ സാധിക്കില്ല. മറുപടി പറയേണ്ടത് മന്ത്രിയാണ്

ശ്രീ. പി. സി. ജോർജ്: സർ, ഒറ്റ വാക്ക്......(ബഹളം)........അടിയന്തരപ്രമേയം മന്ത്രിമാരുടെ അഭിപ്രായമാണ്. എനിക്ക് അഭിപ്രായം പറയാൻ സ്വാതന്ത്ര്യം വേണ്ടേ? ഞാൻ പിന്നെ എവിടെ പറയും. എന്റെ നീതി ഞാൻ എവിടെ പറയും. ......(ബഹളം)..........

മി. സ്പീക്കർ: അതെല്ലാം പറയാൻ ഒരുപാട് സമയം കിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഒരു പരാതി കൊടുക്കുമ്പോൾ അത് എൻക്ലോഷറിൽ വച്ചാൽ ആ എൻക്ലോഷർ പരാതിയാകുമോ . അതെ ന്തൊരു മര്യാദകെട്ട ഇടപാടാണ്. ......(ബഹളം)...... എനിക്ക് പറയാനുള്ളത് ഞാൻ പത്രസമ്മേളനം നടത്തി പറഞ്ഞുകൊള്ളാം. ഞാൻ വനഭൂമി കച്ച വടം ചെയ്യാൻ നടക്കുന്നവനല്ല. അത് എന്റെ പാരമ്പര്യമല്ല, അത് നിങ്ങളുടെ പാരമ്പര്യമാണ്.............(ബഹളം).........

മി. സ്പീക്കർ : ശ്രീ. പി. സി. ജോർജ് പ്ലീസ്...... പ്ലീസ്..........(ബഹളം)......പ്ലീസ്........ഞാൻ ഒരു മിനിറ്റ് പറയട്ടെ......നിങ്ങൾ ഓരോരുത്തരും ഇങ്ങനെതുടങ്ങിയാൽ എങ്ങനെയാണ്. പ്ലീസ്...... ഒരാൾ ഒരാളിനെതിരെ പരാമർശം നടത്തിയാൽ ഈ സഭാ ചട്ടമനുസരിച്ച് ആ വ്യക്തിക്ക് എക്സ്പ്ലനേഷനുള്ള അവകാശമുണ്ട്. ആ അവകാശം ഉന്നയി ച്ചുകൊണ്ട് അദ്ദേഹം അത് പറഞ്ഞു. അത്രതന്നെ. നിങ്ങൾ ആഗ്രഹി ക്കുന്ന രീതിതയിൽ പറയാൻ സാധ്യമല്ല. ശ്രീ. ബാബു എം. പാലിശ്ശേരി ഇരിക്കു. പ്ലീസ്......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഗവൺമെന്റ് നിലപാട് വ്യക്തമാക്കി. ആ ഗവൺമെന്റ് നിലപാടിന് വിരുദ്ധ മായി ഗവൺമെന്റ് ചീഫ് വിപ്പ് ഇവിടെ പറഞ്ഞിരിക്കുകയാണ്. സർക്കാ

രിന്റെ നിലപാടിന് വിരുദ്ധമായി ഗവൺമെന്റ് ചീഫ് വിപ്പ് പറഞ്ഞത് ഗൗരവതരമായ ഒരു പ്രശ്നമാണ്.. നേരത്തെ പറഞ്ഞ വിശദീകരണത്തിന് വിരുദ്ധമായിട്ടാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ: മന്ത്രി പറഞ്ഞില്ല, പറയാൻ പോകുന്നതേയുള്ളു. ഗവൺമെന്റിനുവേണ്ടി മിനിസ്റ്റർ സംസാരിക്കും. ........(ബഹളം).........നോ.... നോ... ചെന്താമരാക്ഷൻ എന്ന പേരു പറഞ്ഞുകാണും അങ്ങേയക്ക് എതിരെ ഒരു പരാമർശവും നടത്തിയില്ല. പ്ലീസ്... പ്ലീസ്......(ബഹളം).......ചെന്താമരാക്ഷന്റെ പേര് പറഞ്ഞതേയുള്ളൂ.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ.കെ.ബി.ഗണേഷ് കുമാർ): സർ, ഈ സഭയിലെ മുതിർന്ന അംഗമായ ശ്രീ. വി. ചെന്താമരാക്ഷൻ, ചീഫ് വിപ്പ് പറയുന്നതാണോ ഗവൺമെന്റിന്റെ നയം എന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞു. അല്ല, മന്ത്രി പറയുന്നതാണ് ഗവൺമെന്റിന്റെ നയം. സഭയിൽ എം.എൽ.എ. എന്ന നിലയിൽ ചീഫ് വിപ്പിനെ അനുസരിക്കണം. പക്ഷേ മന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്ററെ മാത്രമേ അംഗീകരിക്കുകയുള്ളൂ. അദ്ദേഹത്തിന്റെ നിർദ്ദേശം അനുസരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഒരു കാര്യത്തിൽ ഗവൺമെന്റിന് ശക്തമായ നിലപാടുണ്ട്, ഒരു സെന്റ് ഭൂമി പോലും ഗവൺമെന്റ് വിട്ടുകൊടുക്കില്ല. ബഹുമാനപ്പെട്ട ചീഫ് വിപ്പിന് ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ പാലക്കാടോ മണ്ണാർക്കാടോ വന്ന് അഭിപ്രായം പറയാം. അദ്ദേഹത്തിന് നിവേദനം തരാം. പക്ഷേ അത് ഒരു കുറ്റമായി കാണേണ്ട കാര്യമില്ല. ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയോ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയോ ആയ ഞാനോ ഒരിക്കലും ഇത്തരത്തിലുള്ള ഒരു നടപടി നിറുത്തിവയ്ക്കാൻ നിർദ്ദേശിച്ചിട്ടില്ല. കർശനമായ നടപടിയാണ് എടുക്കുന്നത്. ചെറുനെല്ലി എസ്റ്റേറ്റിനെ വിട്ടുകൊടുത്തതിനെപ്പറ്റി, ഒരു പ്രൈവറ്റ് ഫാക്സിൽ നിന്നും വന്ന ഫാക്സ് മെസ്സേജിന്റെ അടിസ്ഥാനത്തിൽ വിട്ടുകൊടുത്തുവെന്ന് താങ്കൾ പറഞ്ഞു. സ്വന്തം മനസാക്ഷിയോട് ചോദിക്കണം. ഈ പത്രവാർത്ത കണ്ടുകൊണ്ട് തൊട്ടടുത്ത ദിവസം ആരുടെയും

പരാതിയില്ലാതെ നേരിട്ട് അന്വേഷണം നടത്തി ഡി.എഫ്.ഒ.–യെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും സസ്പെന്റ് ചെയ്തയാളാണ് ഞാൻ ആരുടെയും ശുപാർശ ഇല്ലായിരുന്നു. വളരെ കർശനമായ നിലപാട് എടുത്തു. അഡ്വക്കേറ്റ് ജനറൽ രാജിവച്ചതിനെക്കുറിച്ച് പറഞ്ഞു. നിങ്ങൾ സത്യം മനസ്സിലാക്കണം. ഇത്തരത്തിലൊരു വളരെ ഹേസ്റ്റിയായിട്ടുള്ള ഡിസിഷനും ധൃതിയും കാണിച്ച അഡ്വക്കേറ്റിന്റെ നടപടിയിൽ അഡ്വക്കേറ്റ് ജനറലിനോട് എനിക്കുള്ള അസംതൃപ്തി അറിയിച്ചു. അഡ്വക്കേറ്റ് സ്വയമേ രാജിവച്ചു പോയി, നമ്മളാരെയും പുറത്താക്കിയതല്ല. അദ്ദേഹത്തിന് അസംതൃപ്തിയുണ്ട്, അതിനാൽ രാജിവച്ചുപോയി. വ്യക്തിപരമായ കാരണങ്ങളാൽ അദ്ദേഹം രാജിവയ്ക്കുന്നു എന്ന് പറഞ്ഞാണ് പോയത്. എനിക്കതിൽ അസംതൃപ്തി ഉണ്ടായിരുന്നു. ഒരു മന്ത്രി എന്ന നിലയിൽ. കേസ് നടത്തിപ്പിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഇവിടെ മുപ്ലിവാലി എസ്റ്റേറ്റിനെക്കുറിച്ച് പറഞ്ഞു. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നു. അത് നല്ല കാര്യമാണ്. അതിനെ കോടതി സ്റ്റേ വാങ്ങിച്ചതിനുശേഷം സുപ്രീം കോടതിയിൽ വരെ സ്റ്റേ വാങ്ങിച്ചിരിക്കുകയാണ്. കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാധനം നമുക്ക് പൊസഷൻ കൈയിലെടുക്കാൻ കഴിയില്ല. നെല്ലിയാമ്പതിയെ സംബന്ധിച്ച് പറയുമ്പോൾ പാട്ടക്കരാർ.....താങ്കൾ പറഞ്ഞ ചില കാര്യങ്ങളോട് നൂറുശതമാനം യോജിക്കും പാട്ടക്കരാറിന്റെ വ്യവസ്ഥയിൽപ്പെട്ടുകൊണ്ട്..... ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞ ഒരു കാര്യം തിരുത്തണം. അങ്ങ് തന്നെ തിരു

ത്തേണ്ടതാണ്. ഞാൻ അങ്ങയോട് കർഷകരുമായി വന്നപ്പോൾ എന്തെങ്കിലും മോശമായി പെരുമാറിയിട്ടുണ്ടോ? എനിക്ക് ഇത് സഭാ രേഖകളിൽ കാണുന്നത് മോശമാണ്. ഞാൻ അങ്ങനെ ചെയ്തിട്ടില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് അടിയന്തര പ്രമേയത്തിന് മറുപടി പറയുകയാണ്. ഓരോരുത്തർക്കും വഴങ്ങിയാൽ ഇത് സമയത്തിന് തീരില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ആ പ്രദേശത്തെ തോട്ടം ഏറ്റെടുത്ത തുമായി ബന്ധപ്പെട്ട് ജോലി നഷ്ടപ്പെട്ട തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മന്ത്രിയെ കാണാൻ ചെന്നിട്ടുണ്ട്. അതുപോലെ കൃത്രിമരേഖയുണ്ടാക്കി ഭൂമി കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെടുത്തി ചീഫ് വിപ്പിന്റെ പാർട്ടിയിലെ ഒരാളിന് ലക്ഷക്കണക്കിന് രൂപ പോയിട്ടുണ്ട്. അങ്ങനെയുള്ള പാവപ്പെട്ട ആളുകളെ സഹായിക്കണമെന്ന് ജനപ്രതിനിധി എന്ന നിലയിൽ ഉത്തരവാദിത്തത്തോടുകൂടി പറയുന്നു. അല്ലാതെ അനധികൃതമായി ഭൂമി കൈയേറ്റം ചെയ്തതിനു കൂട്ടുനിൽക്കുന്ന സമീപനം ഞാൻ സ്വീകരിച്ചിട്ടില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, അദ്ദേഹം എന്റെയടുത്ത് സമീപിച്ചത് തൊഴിലാളികളുടെ കാര്യത്തിനാണ്. ഞാനതിന് എതിര് പറഞ്ഞില്ല. അക്കാര്യത്തിൽ പരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ലേബർ മിനിസ്റ്ററും, ചീഫ് വിപ്പുമുണ്ടായിരുന്നു. ഒരു യോഗം വിളിച്ച് കൂട്ടി അവിടെയുള്ള തൊഴിലാളികൾക്ക് ജോലി കൊടു

ക്കുന്ന കാര്യത്തിൽ പരിഹാരമുണ്ടാക്കി. പിന്നെ പാട്ടക്കരാറിന്റെ കാര്യത്തിൽ അങ്ങ് പറഞ്ഞത് ശരിയാണ്, പാട്ടമെടുത്ത ആളുകൾ വ്യാജരേഖ കൊടുത്ത് ബാങ്കുകളെ കബളിപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിൽ വനം വകുപ്പിന്റെ നിർദ്ദേശ പ്രകാരം പോലീസ് കേസെടുത്ത് അന്വേഷണം നടത്തുന്നുണ്ട്. നെല്ലിയാമ്പതിയിൽ ആ അന്വേഷണ ഉദ്യോഗസ്ഥനെ നേരിട്ട് കണ്ടപ്പോൾ കർശനമായ നിലപാട് എടുക്കണമെന്ന് ഞാൻ നേരിട്ട് പറഞ്ഞു. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു വീഴ്ചയും വന്നിട്ടില്ല. വക്കീലന്മാരുടെ ഭാഗത്തു നിന്ന്.....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ക്ലാരിഫൈ ചെയ്തു പോകാൻ വേണ്ടിയാണ് ചോദിക്കുന്നത്. നമുക്ക് വാദിക്കാനേ സാധിക്കൂ, കോടതിയാണ് വിധിക്കേണ്ടത് എന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു. പക്ഷേ ഇവിടത്തെ പ്രശ്നം ഒരു ഗവൺമെന്റ് പ്ലീഡർ രാജിവച്ചു. അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റിൽ കാണുന്നത് ഈ കേസ് വാദിക്കാൻ സർക്കാരിൽ നിന്നും പ്രോപ്പർ ഡൈറക്ഷൻ കിട്ടിയില്ല എന്ന ഗുരുതരമായ ആരോപണം ഇതിനിടയിൽ ഉയർന്നുവന്നിട്ടുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഇത് നേരത്തെ explain ചെയ്തു കഴിഞ്ഞു. കേസ് പരാജയപ്പെട്ടതു മാത്രമല്ല അന്നു തന്നെ ഇത് വിട്ടുകൊടുക്കാൻ നിർദ്ദേശം കൊടുത്തു. അത് തെറ്റായ നടപടിയാണ്. അതനുസരിച്ചാണ് വനം വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ചെയ്തത്. ആ

ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുത്തു. പക്ഷേ ഞാൻ എന്റെ അസംതൃപ്തി ആ അഡ്വക്കേറ്റിനോട് പറയുന്നത് ശരിയല്ല. അതിനാൽ ഞാൻ അഡ്വക്കേറ്റ് ജനറലിനോട് പറഞ്ഞു. വനം വകുപ്പിലെ ഏറ്റവും പ്രഗല്ഭന്മാരായ ഉദ്യോഗസ്ഥരെയാണ് പാലക്കാട് നെല്ലിയാമ്പതി ഉൾപ്പെടുന്ന സോണിൽ വച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പോലുമറിയാം. യാതൊരു അഴിമതിയോ ക്രമക്കേടോ ഇല്ലാത്ത ഏറ്റവും നല്ല ഉദ്യോഗസ്ഥന്മാരെ, most efficient ആയ ആൾക്കാരെയാണ് പാലക്കാടിൽ വച്ചിട്ടുള്ളത്. അവർക്ക് എല്ലാ സപ്പോർട്ടും ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് കൊടുക്കുന്നുണ്ട്. യാതൊരു വിട്ടുവീഴ്ചയും ഇക്കാര്യത്തിലില്ല. നല്ല ഉദ്യോഗസ്ഥന്മാരെ വച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളെല്ലാം ഇനിയും ഏറ്റെടുക്കും. മൂന്ന് എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള പ്രൊപ്പോസലുകൾ ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിലുണ്ട്. അതും ഏറ്റെടുക്കുന്നതിൽ ഒരു വീഴ്ചയും ഉണ്ടാകില്ല. അത് കാരാപ്പാറ എസ്റ്റേറ്റ്, അലക്സാണ്ട്രിയ എസ്റ്റേറ്റ്–751 ¾ ഏക്കറാണ്....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഈ നെല്ലിയാമ്പതി എസ്റ്റേറ്റുകളെ സംബന്ധിച്ച്, യു.ഡി.എഫ്. ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും അതിന്റെ ചെയർമാൻ ശ്രീ. പി.സി. ജോർജ് ആണെന്നും പറയുന്നത് ശരിയാണോ? അങ്ങനെ ഒരു കേൾവിയുണ്ട്. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പത്രത്തിൽ കണ്ടതല്ലാതെ അത്തരത്തിലൊരു കമ്മിറ്റിയെക്കുറിച്ച് രേഖാമൂലം എനിക്ക് ഒരു അറിയിപ്പും കിട്ടിയിട്ടില്ല. അത്തരം കമ്മിറ്റിയെ നിയോഗിച്ചതായി എനിക്കറിയില്ല. ശ്രീ. പി. സി. ജോർജ് അത്തരത്തിലൊരു കമ്മിറ്റിയുടെ ചെയർമാനാണ് എന്ന് പത്രത്തിൽ വാർത്ത കണ്ടതല്ലാതെ എനിക്ക് യാതൊരു അറിയിപ്പോ രേഖയോ കിട്ടിയിട്ടില്ല. അത് അനുസരിച്ച് പ്രവർത്തിക്കാൻ യു.ഡി.എഫ്. എന്നോട് പറഞ്ഞിട്ടുമില്ല. ........ബഹളം.....

മി. സ്പീക്കർ : അങ്ങനെ ഒരു കമ്മിറ്റിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞതാണ്. ഇല്ലെന്ന് മന്ത്രി പറഞ്ഞു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, അങ്ങനെ ഒരു കമ്മിറ്റിയില്ല. അത് പത്രത്തിൽ വന്ന ഒരു വാർത്തയാണ്. അങ്ങയെപ്പോലെ എന്റെയും ശ്രദ്ധയിൽപ്പെട്ടു. ഞാൻ അത് പരിശോധിച്ചു. പക്ഷേ യു.ഡി.എഫ്-ൽ നിന്ന് ഒരു നിർദ്ദേശവും എനിക്ക് ലഭിച്ചിട്ടില്ല. അത്തരത്തിലൊരു കമ്മിറ്റി അവിടെ സന്ദർശിച്ചിട്ടില്ല. അങ്ങനെ ഒരു കമ്മിറ്റിയുമില്ല. ഞാൻ പറഞ്ഞു തീർത്തോട്ടെ. ഇതിനെ സംബന്ധിച്ച യാതൊരു വിട്ടുവീഴ്ചയ്ക്കും ഗവൺമെന്റ് തയ്യാറല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ഇക്കാര്യത്തിൽ വളരെ കർശനമായ നിലപാടാണ് ആദ്യം മുതൽ സ്വീകരിക്കുന്നത്. കോൺഗ്രസിന്റെ സമുന്നതനായ നേതാവ് ശ്രീ. വി. എം. സുധീരൻ, അദ്ദേഹത്തിന്റെ ഒരു കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും കിട്ടി. നല്ല ചില നിർദ്ദേശങ്ങൾ അദ്ദേഹം അതിൽ വച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ

നൂറുശതമാനവും എനിക്ക് സ്വീകാര്യമാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അദ്ദേഹം ശ്രീ. വി.എം. സുധീരൻ നിർദ്ദേശിച്ചതുപോലെ ഈ പ്രദേശത്തെ വനംഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുൻനിർത്തി അദ്ദേഹം മുന്നോട്ടുവച്ച ആശയങ്ങൾ വളരെ ന്യായവും ആധുനികവുമാണ്. അദ്ദേഹം നൽകിയ നിർദ്ദേശങ്ങൾ പൂർണ്ണമായും വനം വകുപ്പ് സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ കത്ത് കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. കോടതികളിലെ കേസുകൾ നന്നായി നടത്തും. ഏറ്റവും നല്ല വക്കീലിനെ വേണ്ടിവന്നാൽ സീനിയർ അഭിഭാഷകരെ ഡൽഹിയിൽ നിന്ന് കൊണ്ടുവന്ന് ഈ കേസുകൾ നടത്തുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. ഇത് ഗവൺമെന്റ് നിലപാടാണ്. അതുകൊണ്ട് ഈ വിഷയത്തിൽ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമല്ല. ഒരു ആശങ്കയ്ക്കും വകയില്ല....ബഹളം.... ബഹുമാനപ്പെട്ട അംഗം തന്നെപ്പറയുന്നു. ഞാൻ അദ്ദേഹത്തോട് ഹാർഷായി പെരുമാറിയെന്ന് പറഞ്ഞത് തെറ്റാണെന്ന് അദ്ദേഹം പറയുന്നുണ്ട്. അതുകൊണ്ട് ശ്രീ. പി. സി. ജോർജ് പറഞ്ഞത് രേഖകളിൽ നിന്ന് മാറ്റണം. ഞാൻ അങ്ങനെ പെരുമാറിയിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. വി. ചെന്താമരാക്ഷൻ ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിലെ ഏതു കാര്യവും പോസിറ്റീവായി കാണുവാൻ ആഗ്രഹിക്കുകയാണ്. കാരണം നല്ല ഒരു ട്രെൻഡ് ആണ്. ഇവിടെ വനം സംരക്ഷിക്കുന്നതിൽ രണ്ടുകൂട്ടരും പരസ്പരം മൽസരിക്കുന്നു എന്നുള്ളതാണ് ഈ ചർച്ചയിലൂടെ ഞാൻ മനസ്സിലാക്കുന്നത്.......(ബഹളം)........ഞാൻ ഒന്നു പറഞ്ഞോട്ടെ. പരസ്പരം നമ്മൾ മൽസരിക്കുന്നത് നല്ല ട്രെൻഡാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരിഞ്ചു വനഭൂമിപോലും വിട്ടുകൊടുത്തിട്ടില്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വനസംരക്ഷണത്തിന്റെ കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരുമിച്ച് നിന്നു തന്നെ പ്രവർത്തിക്കണം. നമുക്ക് പരിസ്ഥിതി സംരക്ഷണവും അതോടൊപ്പം വികസനവും വേണം. പക്ഷേ ഒന്നാം സ്ഥാനം നമ്മുടെ പരിസ്ഥിതി സംരക്ഷണമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് വനസംരക്ഷണമാണ്. അക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ട് എങ്കിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, തുടർച്ചയായി കേസുകൾ തോറ്റുകൊണ്ടേയിരിക്കുന്നു. അതിനുള്ള കാരണമെന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേസുകൾ തോറ്റു എന്നുള്ള ഒരു പ്രചരണമുണ്ട്. ഏതു കേസാണ് തോറ്റതെന്ന് പറയാമോ? എന്റെ കയ്യിൽ അതിന് കണക്കുണ്ട്. മീനമ്പാറ കേസിൽ നമുക്ക് എതിരായ ഒരു വിധി വന്നു. മീനമ്പാറ കേസ് തുടങ്ങിയത് 1970-കളിൽ ആണ്. ട്രൈബ്യൂണൽ വിധി

നമുക്കെതിരായി വന്നു. ആ വിധി വരുന്നത് ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്തല്ല. അതിന് അപ്പീൽ പോയി. ആ അപ്പീലിലും നമ്മൾ പരാജയപ്പെട്ടു. അതിന് ഇപ്പോൾ സുപ്രീംകോടതി സ്പെഷ്യൽ ലീവ് പെറ്റീഷൻ കൊടുത്തിരിക്കുകയാണ്. അത് ഇവിടത്തെ പത്രങ്ങളിലൊക്കെ വന്ന വലിയ വാർത്തയായിരുന്നു. ഹൈക്കോടതി വിധിച്ചിട്ട് അപ്പീൽ കൊടുത്തിട്ടില്ല. വിധി വരുന്നത് 15/03/2012–നാണ്. 02/07/2012–ൽ സുപ്രീംകോടതിയിൽ മീനമ്പാറ കേസ്സിന്റെ അപ്പീൽ നമ്മൾ കൊടുത്തു. രണ്ടുമാസം സുപ്രീം കോടതി അവധി ആയിരുന്നു. അവധിക്കാലത്ത് എങ്ങനെയാണ് അപ്പീൽ ഫയൽ ചെയ്യുന്നത്? സുപ്രീം കോടതി അവധി കഴിഞ്ഞ് തുറന്ന ദിവസം അതായത് 02/07/2012–ൽ അപ്പീൽ കൊടുത്തു. സുപ്രീംകോടതി സ്വീകരിച്ചതിന്റെ ഫയൽ നമ്പർ 21450/2012 ആണ്. എസ്.എൽ.പി. നമ്പർ ഉടനേ കിട്ടും. ഗവൺമെന്റിന് ഇപ്പോൾ അതിന്റെ പുറകേ പോകാൻ പറ്റുമോ? 15/03/2012–ൽ ആണ് നമുക്കെതിരായി കേസിൽ വിധി വരുന്നത്. ഈ ഗവൺമെന്റ് വനസംരക്ഷ ണത്തിന്റെ കാര്യത്തിൽ എല്ലാവിധത്തിലുള്ള കരുതൽ നടപടികളും സ്വീ കരിക്കും. എന്തെങ്കിലും വീഴ്ച ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം. ആ വിമർശനത്തെ നമ്മൾ സന്തോഷത്തോടെ സ്വാഗതം ചെയ്യും. കാരണം വനസംരക്ഷണമാണ് നമ്മുടെ ഏറ്റവും മുഖ്യമായിട്ടുള്ള ലക്ഷ്യം. അതിന് ഏതെങ്കിലും വീഴ്ച വന്നു എന്ന് ചൂണ്ടിക്കാണിച്ചാൽ അതിനെ ഏറ്റവും

നല്ലകാര്യമായി തന്നെ നമ്മൾ കാണും. സ്പീക്കറുടെ അനുമതിയോടുകൂടി ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച ആളാണ്.

മി. സ്പീക്കർ: ശ്രീ. ചെന്താമരാക്ഷൻ അല്ല, അദ്ദേഹം എപ്പോഴും എണീറ്റുകൊണ്ടിരിക്കയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിനുമാത്രമേ വഴങ്ങുകയുള്ളു. ഇതിനു മാത്രം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഏതുകേസിലാണ് തോറ്റത് എന്ന്. സർക്കാർ ഏറ്റെടുത്ത ചെറു നെല്ലി എസ്റ്റേറ്റ് ഒരാഴ്ച കഴിഞ്ഞപ്പോൾ തിരിച്ചുകൊടുക്കേണ്ടി വന്നു. അത് കോടതിയിൽ കേസ് നടത്തിപ്പിന്റെ ഭാഗമായി പറ്റിയ വീഴ്ചയുടെ ഭാഗമായിട്ടാണ്. അത് സർക്കാരിന്റെ വീഴ്ച തന്നെയാണ്. അതുപോലെ തന്നെ ഇതിന്റെ ഭാഗമായി രാജിവച്ച പബ്ലിക് പ്രോസിക്യൂട്ടർ പറഞ്ഞിരിക്കുന്നു സർക്കാരിൽ നിന്ന് യഥാവിധി നിർദ്ദേശം കിട്ടിയില്ല. അതുകൊണ്ട് ഞാൻ രാജി വയ്ക്കുന്നു എന്ന്.

മി. സ്പീക്കർ: അത് നേരത്തേ ഇവിടെ പറഞ്ഞ കാര്യമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് ഇവിടെ മുപ്ലിവാലി എസ്റ്റേറ്റിന്റെയും ചെറുനെല്ലി എസ്റ്റേറ്റിന്റെയും കാര്യങ്ങളാണ് പറഞ്ഞത്. ഞാൻ അതിലേയ്ക്ക് വരും. വരാതിരിക്കില്ല. അങ്ങ് എഴുതി തന്നതിനകത്ത് –ചില സ്വകാര്യ ഉടമകൾക്കുവേണ്ടി സർക്കാരിൽ സമ്മർദ്ദം ഉണ്ടായതിനെത്തുടർന്ന് വനഭൂമിസംരക്ഷണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ

എത്തിയ കേസുകളിൽ സർക്കാർ ഭാഗം നിരന്തരമായി തോറ്റുകൊണ്ടിരിക്കുകയും ചെറുനെല്ലി, മുപ്ലിവാലി എസ്റ്റേറ്റുകൾ പാട്ടത്തിനെടുത്തവർക്ക് വനം വകുപ്പ് തിരിച്ചുനൽകേണ്ടതായിട്ടും വന്നു. അങ്ങ് തന്നിരിക്കുന്ന നോട്ടീസാണ്. മുപ്ലിവാലി എസ്റ്റേറ്റ് 4896 ഏക്കറുള്ള എസ്റ്റേറ്റാണ്. അത് ഏറ്റെടുത്തത് 07/02/2009-ൽ ആണ്. അങ്ങ് മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ്. 20/02/2009-ൽ ഹൈക്കോടതി അത് സ്റ്റേ ചെയ്തു. ഞങ്ങളാണോ കേസ് തോറ്റുകൊടുത്തത് ശ്രീ. ചെന്താമരാക്ഷൻ; ഞങ്ങൾ ആണോ കേസ് തോറ്റുകൊടുത്തത്? ഞാൻ അതിനകത്ത് അന്നത്തെ മുഖ്യമന്ത്രിയേയോ ഗവൺമെന്റിനേയോ കുറ്റപ്പെടുത്തുകയില്ല. കാരണം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദ്യം ചെയ്ത ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ ഒരു വാക്കുണ്ട്. നമുക്ക് ആത്മാർത്ഥമായി പ്രവർത്തിക്കാനേ സാധിക്കൂ. നിങ്ങൾ ആത്മാർത്ഥത വിട്ടു ചെയ്തു എന്നു ഞാൻ പറയുന്നില്ല. പക്ഷേ 07/02/2009-ൽ നിങ്ങൾ ഏറ്റെടുക്കുകയും 20/02/2009-ൽ ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തതിന്റെ പേരിൽ ഞങ്ങളുടെ പേരിൽ കുറ്റം ഇന്ന് ചാർത്തിക്കൊണ്ട് ഈ അടിയന്തര പ്രമേയം കൊണ്ടുവന്നാൽ എന്തു ചെയ്യും ശ്രീ. ചെന്താമരാക്ഷൻ? ...........(ബഹളം)............ഞാൻ ഇതുകൂടി പറഞ്ഞു തീർത്തോട്ടെ. ഞാൻ ഇരിക്കാം.

മി. സ്പീക്കർ: സി.എം. പറയട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിനെത്തുടർന്ന് ഹൈക്കോടതി പറഞ്ഞു ഇത് ഇരിങ്ങാലക്കുട സബ്കോടതിയിൽ പോകേണ്ട കേസ്സാണ്. ഇരിങ്ങാല

ക്കുട സബ്കോടതിയിലേയ്ക്ക് ഈ കേസ് വിട്ടു. ഇരിങ്ങാലക്കുട സബ്കോടതി 24/03/2009-ൽ ആ എസ്റ്റേറ്റ് തിരിച്ചുകൊടുക്കാൻ പറഞ്ഞു. നിങ്ങൾ അത് തിരിച്ചുകൊടുത്തു. ഞങ്ങൾ ആണോ അതിന് ഉത്തരവാദി?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ ഉണ്ടായിട്ടുള്ള ഒരു പ്രശ്നം, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കൂട്ടത്തിൽ പറഞ്ഞു ആ എസ്റ്റേറ്റ് വിട്ടുകൊടുത്ത നടപടി തെറ്റായിരുന്നു. അതിന്റെ പേരിൽ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുത്തു എന്ന്. അപ്പോൾ ഇതിൽ നിന്ന് മനസ്സിലാകുന്നത് മന്ത്രിയുടെ പോലും നിർദ്ദേശം ഇല്ലാതെ വേറെ ആരോ നിർദ്ദേശം കൊടുത്തു ഇത് വിട്ടുകൊടുക്കാൻ അങ്ങനെ ഒരു കേസ്സുണ്ടായി എന്നാണ്. അപ്പോൾ മന്ത്രി വിട്ടു കൊടുക്കണ്ട എന്നു പറയുന്നു. മുഖ്യമന്ത്രി വിട്ടുകൊടുക്കണം എന്നു പറയുന്നു. ഇതാണ് ഇപ്പോൾ ഇവിടെ നടക്കുന്ന സംഭവം. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

മി.സ്പീക്കർ: അതൊന്നുമല്ല. ഇവിടെ മുഖ്യമന്ത്രിയല്ലേ മറുപടി പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഈ സമയത്ത് ഈ ചോദ്യം ചോദിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. ശ്രീ. വി. ചെന്താമരാക്ഷൻ ചോദിച്ച രണ്ട് എസ്റ്റേറ്റുകളുടെ കാര്യത്തിൽ ഒരെണ്ണത്തിന്റെ കാര്യം ഞാൻ പ്രത്യേകമായി എടുത്തുപറയുകയാണ്. മുപ്ലിവാലി എസ്റ്റേറ്റ് 4896 ഏക്കർ നിങ്ങളുടെ ഭരണകാലത്ത് ഏറ്റെടുത്തു. നിങ്ങളുടെ ഭരണകാലത്ത് ഹൈക്കോടതിയിൽ തോറ്റു. നിങ്ങളുടെ ഭരണ

കാലത്ത് ഇരിങ്ങാലക്കുട സബ്കോടതിയിൽ തോറ്റു. അത് തിരിച്ചുകൊടുത്തു അതിന്റെ പേരിൽ ഇന്ന് അടിയന്തര പ്രമേയം കൊണ്ടുവരിക എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഒന്ന് നിങ്ങളുടെ അംഗങ്ങളെ ഉപദേശിക്കണം. ഞങ്ങളുടെ കാലത്ത് ചെയ്തതിന്റെ ഉത്തരവാദിത്തം ഞങ്ങൾക്കുണ്ട്. ഞങ്ങൾ അത് ഏറ്റെടുക്കാം. പക്ഷേ 2009-ലെ കേസ് തിരിച്ചുകൊടുത്തതിന് ഇപ്പോൾ ചോദ്യം ചെയ്താൽ ഞങ്ങൾ ഉത്തരവാദികളല്ല. ശ്രീ. വി. ചെന്താമരാക്ഷൻ ചെറുനെല്ലി എസ്റ്റേറ്റിനെക്കുറിച്ച് ഇവിടെ ചോദ്യം ചോദിക്കുകയും ചെയ്തു. ശരിയാണ്. 278 ഏക്കർ സ്ഥലമുള്ള ചെറുനെല്ലി എസ്റ്റേറ്റ് പാട്ടക്കാലാവധി കഴിഞ്ഞതിനെ തുടർന്ന് 09/02/2011-ൽ ഞങ്ങൾ ഏറ്റെടുത്തു. അത് കോടതിയിൽ പോയപ്പോൾ കോടതി ആ ഏറ്റെടുക്കൽ നടപടിക്കകത്ത് ഒരു അപാകത ചൂണ്ടിക്കാണിച്ചു. ആ അപാകത തെറ്റായിപ്പോയി. നോട്ടീസ് കൊടുത്തുമാത്രമേ ഏറ്റെടുക്കാമായിരുന്നുള്ളു. കാലാവധി കഴിഞ്ഞപ്പോൾ, ആ ഫോറസ്റ്റ് ഉദ്യോഗസ്ഥനെ ഞാനായിട്ട് കുറ്റപ്പെടുത്തുന്നതല്ല. അദ്ദേഹം കുറച്ച് ഒരാവേശം കാട്ടി. സാമാന്യ നീതി ലംഘിച്ചു എന്നു പറഞ്ഞു കോടതി സ്റ്റേ ചെയ്തു. ആ കോടതിവിധി വന്നപ്പോൾ ഞങ്ങൾ കയ്യും കെട്ടി ഇരുന്നെങ്കിൽ നിങ്ങൾക്ക് ഞങ്ങളെ കുറ്റപ്പെടുത്താം. ആ വിധി വന്നപ്പോൾ 08/06/2012-ൽ അതിന്റെ പാട്ടം റദ്ദു ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്. കോടതി പറഞ്ഞത് ഞങ്ങൾക്ക് എന്തു ചെയ്യാൻ പറ്റും? ഞങ്ങൾക്ക് വിട്ടുകൊടു

ത്താലേ പറ്റൂ എന്നുള്ള നിലപാട് ഞങ്ങൾ ചെയ്തില്ല. കോടതി ചൂണ്ടി ക്കാണിച്ച അപകാത തിരുത്തിക്കൊണ്ട് ഉടനെതന്നെ നടപടി എടുത്തു. 08/06/2012-ൽ ഏറ്റെടുത്തുകൊണ്ടുള്ള നടപടി എടുത്തു. അതിന് ഇപ്പോൾ സുപ്രീംകോടതി ഒരു താത്ക്കാലികമായ സ്റ്റേ കൊടുത്തിട്ടുണ്ട്. ആ സ്റ്റേ വെക്കേറ്റ് ചെയ്യാനായിട്ട് ശ്രമിക്കുകയാണ്. നെല്ലിയാമ്പതിയിലെ കേസു കൾക്കും താത്ക്കാലികമായിട്ടുള്ള സ്റ്റേ ആണ് കൊടുത്തിട്ടുള്ളത്. ആ സ്റ്റേയും വെക്കേറ്റ് ചെയ്യിക്കാൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒന്നു കേൾക്കണം. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഫോറസ്റ്റ് സംരക്ഷണത്തിനുവേണ്ടി നടപടി എടുത്ത ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഈ ഗവൺമെന്റ് കണ്ടംപ്റ്റ് കേസ് എടുത്തി ട്ടുണ്ട്. അവർ ഒരു തെറ്റും ചെയ്തതായിട്ട് ഗവൺമെന്റ് കരുതുന്നില്ല. ഗവൺമെന്റിന്റെയും സംസ്ഥാനത്തിന്റെയും താൽപ്പര്യം സംരക്ഷിക്കാൻ ശ്രമിച്ച ഉദ്യോഗസ്ഥരാണ്. ആ കേസിൽ അഡ്വക്കേറ്റ് ജനറൽ തന്നെ നേരിട്ട് ഹാജരാകാൻ പറഞ്ഞു. രണ്ടുകേസുകളിലും ആ ഫോറസ്റ്റ് ഉദ്യോ ഗസ്ഥന്മാരെ പൂർണ്ണമായും എക്സ്ഓണറേറ്റ് ചെയ്ത് ആ കേസ് ഡിസ്മിസ് ചെയ്ത് കണ്ടംപ്റ്റ് കോർട്ടിൽ നിന്നും ആ ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നതിൽ അഭിമാനമുണ്ട്.

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u> : പരസ്പരം യോജിപ്പില്ലാത്ത അഭി പ്രായങ്ങളാണ് രണ്ട് ഭാഗത്തുനിന്നും വന്നിട്ടുള്ളത്. അതുകൊണ്ട് ഒരു

നിയമസഭാ കമ്മിറ്റിയെ വച്ച് ഇതിന്റെ സത്യാവസ്ഥ അന്വേഷിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാണോ; വസ്തുത പുറത്ത് വരട്ടെ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, വ്യത്യസ്തമായ അഭിപ്രായം മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമായിട്ട് ഉണ്ടായിരുന്നെങ്കിൽ അങ്ങ് പറഞ്ഞ അഭിപ്രായം ഞാൻ രണ്ട് കൈയും നീട്ടി സ്വീകരിക്കുമായിരുന്നു. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വിട്ടുകൊടുത്ത എസ്റ്റേറ്റിന്റെ പേരിൽ അടിയന്തര പ്രമേയം കൊണ്ടുവന്നിട്ട് കമ്മിറ്റിയെ വയ്ക്കണമെന്നു പറഞ്ഞാൽ വയ്ക്കാൻ തയ്യാറില്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ഈ കേസ് തോറ്റതെന്നും ആ കാലത്താണ് ഇത് വന്നെന്നും പറഞ്ഞത് തെറ്റാണെങ്കിൽ ഞാൻ സമ്മതിച്ചു. പക്ഷേ ഇതിപ്പോൾ നിങ്ങളുടെ കാലത്ത് വിട്ടു കൊടുത്തതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. വന സംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് കർക്കശമായിട്ടുള്ള നിലപാട് എടുക്കും. അതിനകത്ത് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ ഞങ്ങളത് സ്വാഗതം ചെയ്യും. അത് ഒരു കാരണവശാലും അസഹിഷ്ണതയോടുകൂടിയല്ല കാണുന്നത് ഞങ്ങൾ സഹിഷ്ണതയോടുകൂടി അതിനെ സ്വാഗതം ചെയ്യും. നമ്മുടെ ജീവനുതുല്യമായി കണ്ട് പ്രവർത്തിച്ചാൽ മാത്രമേ വനഭൂമി സംരക്ഷണം, വന സംരക്ഷണം, പരിസ്ഥിതി സംരക്ഷണം സാധ്യമാകൂ. ഇവിടെ ചോദിച്ചു, പാട്ടലംഘനം നടത്തിയവർ, ചട്ടലംഘനം നടത്തിയവർ, പാട്ടക്കരാറിൽ കൃത്രിമം കാട്ടിയഇവർക്കെതിരെ എന്ത് നടപടിയെടു

ക്കുമെന്ന്. ഗവൺമെന്റിന് സ്വീകരിക്കാവുന്ന നിയമ നടപടി സ്വീകരിച്ചു. പോലീസിന് റിപ്പോർട്ട് ചെയ്തു, പോലീസ് അവിടെ ആറ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ട്. ഈ കാര്യത്തിലൊക്കെ സുതാര്യമായ ഒരു സമീപനമാണ് ഗവൺമെന്റിനുള്ളത്. അതിൽനിന്ന് വ്യത്യസ്തമായി എന്തുണ്ടെങ്കിലും നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാം. തെറ്റു ണ്ടെങ്കിൽ തിരുത്താൻ ഞങ്ങൾ തയ്യാറാണ്. കേസിന്റെ കാര്യത്തിൽ വിട്ടു വീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചിട്ടുണ്ട്. നാളെയും സ്വീകരിക്കും. പക്ഷേ ശ്രീ. വി. ചെന്താമരാക്ഷൻ നിങ്ങളുടെ കാലത്ത് നിങ്ങൾക്കുണ്ടായ വീഴ്ചയ്ക്ക് ഞങ്ങളുടെമേൽ കല്ലെറിയരുത് എന്ന് മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്.അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് തോറ്റു അതിന് ഞങ്ങൾ എന്ത് പിഴയ്ക്കാനാണ് എന്ന് അദ്ദേഹം ചോദിച്ചു. ഗവൺമെന്റിന്റെ സ്വാഭാവികമായ ചില നടപടികൾ വരുന്ന അവസരത്തിൽ താൽക്കാലികമായി സ്റ്റേ കൊടുക്കേണ്ടിവരും. ഗവൺമെന്റ് പറയുകയാണ്, എസ്റ്റേറ്റ് ഉടമകൾക്ക് അത് തിരിച്ചു കൊടുക്കണമെന്ന് കോടതി പറഞ്ഞാൽ അത് അംഗീകരിക്കേണ്ടി വരും. നിങ്ങൾക്കും അംഗീകരിക്കേണ്ടി വരും. അങ്ങനെ ഏതെങ്കിലും കോടതി പറഞ്ഞിട്ടുണ്ടെങ്കിൽ ആ കോടതിയുടെ അഭിപ്രായത്തെ നിരാഹരിക്കാനും ആ അഭിപ്രായം ശരിയല്ലെന്ന് പറയാനും നമുക്ക് ഉയർന്ന കോടതിയിൽ അധികാരമുണ്ട്, അവകാശമുണ്ട്. അങ്ങനെയുള്ള കാര്യങ്ങളിൽ അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾക്കും ചെയ്യാൻ കഴിയുന്നത് അതേയുള്ളു. ഞങ്ങളുടെ കാലത്തും അത് ചെയ്തു കൊണ്ടിരുന്നതാണ്. ആ നിലയിൽ സ്വകാര്യ എസ്റ്റേറ്റുകൾ അവർക്കുതന്നെ തിരിച്ചെടുക്കുന്നതിനുവേണ്ടി പല തരത്തിലുള്ള ശ്രമങ്ങളും പല ശുപാർശകളും ഗവൺമെന്റുമായി ബന്ധപ്പെട്ടുള്ള മാന്യന്മാരെക്കൊണ്ട് നടത്തും. അതിൽ മന്ത്രി വീഴുന്നുണ്ടോ, മുഖ്യമന്ത്രി വീഴുന്നുണ്ടോ, ഗവൺമെന്റ് വീഴുന്നുണ്ടോ എന്നൊന്നും നമുക്കറിയാൻ കഴിയില്ല. അതുകൊണ്ടാണ് ഇതുസംബന്ധിച്ച് സത്യസന്ധമായ ഒരു വിവരം മനസ്സിലാക്കാൻവേണ്ടി നിയമസഭാ കമ്മിറ്റിയുടെ ഒരു അന്വേഷണം പറഞ്ഞത്. അത് ഗവൺമെന്റ് അംഗീകരിക്കാൻ തയ്യാറായില്ല.

ഇതിൽ ഇടപെടൽ  നടന്നിട്ടുണ്ടെന്നുള്ളത് സത്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അത് അംഗീകരിക്കേണ്ടിവന്നു. ചീഫ് വിപ്പ് ഇടപെട്ടിട്ടു ണ്ടെങ്കിൽ ഞാൻ സ്വീകരിക്കുന്നില്ല, ഗവൺമെന്റിന്റെ നിലപാട് വ്യത്യസ്ത മാണ് എന്ന് അദ്ദേഹം പറഞ്ഞു. അത് സ്വാഗതാർഹമാണ്. പക്ഷേ ഇടപെ ടൽ നടന്നിട്ടുണ്ടെന്നുള്ളത് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാ ണ്. അനാവശ്യമായിട്ട് അങ്ങനെ ഇടപെടൽ നടക്കുകയും സ്വകാര്യ എസ്റ്റേറ്റ് ഉടമകൾക്ക് തിരിച്ച് ഭൂമി ലഭിക്കാൻ ഇടയാകുകയും ചെയ്യുന്ന.........

ശ്രീ. ഉമ്മൻചാണ്ടി : സർ, പിന്നെയും അത് ട്വിസ്റ്റ് ചെയ്യാൻ ശ്രമിക്കു കയാണ്. ശ്രീ. പി.സി. ജോർജ് ഇതിനകത്ത് എന്താണ് ചെയ്തത്. അദ്ദേഹം ശ്രീ. വി. ചെന്താമരാക്ഷൻ നിവേദനവുമായി പോയതുപോലെ ശ്രീ.പി.സി. ജോർജും നിവേദനം കൊടുത്തു. അതിനപ്പുറത്ത് ശ്രീ.പി.സി.ജോർജ് എന്ത് തെറ്റാണ് ചെയ്തത്? ഇത് ട്വിസ്റ്റ് ചെയ്യാൻ ശ്രമിക്കുകയാണ്. അത് വളരെ തെറ്റായിട്ടുള്ള കാര്യമാണ്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് ചോദിച്ചത് ചീഫ് വിപ്പ്, ശ്രീ. പി.സി. ജോർജ് എന്ത് തെറ്റുചെ യ്തുവെന്നാണ്. ഒരു തെറ്റും ചെയ്തിട്ടില്ലെങ്കിൽ നമ്മുടെ ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി പറഞ്ഞത് ചീഫ് വിപ്പിന്റെ അഭിപ്രായമല്ല എന്റെ അഭി പ്രായം എന്നാണ്. അപ്പോൾ ഇവിടെ ഏതോ ചില പൊരുത്തക്കേടുകൾ ഇങ്ങനെ കറങ്ങി തിരിഞ്ഞ് വരികയാണ്. അതുപോലെ തന്നെ ശ്രീ.

വി.എം. സുധീരന്റെ ആക്ഷേപം. ഗവൺമെന്റ് തുടർച്ചയായി തോറ്റുകൊണ്ടിരിക്കുന്നുവെന്ന് പറയുന്നത്. അദ്ദേഹം വിവരങ്ങൾ അന്വേഷിക്കാതെ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായം പറയുന്ന ആളാണെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹം ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം തന്നെ പഠിച്ചിട്ട് അഭിപ്രായം പറയുന്ന ആളാണ്. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>) : സർ, ശ്രീ. വി. ചെന്താമരാക്ഷന് നിവേദനം മന്ത്രിയുടെ അടുത്ത് നടത്താം ശ്രീ. പി.സി. ജോർജിന് നടത്താൻ പാടില്ലെന്നാണോ? ശ്രീ. വി. ചെന്താമരാക്ഷൻ നടത്തിയതുപോലെ തന്നെ ശ്രീ.പി.സി.ജോർജും അതേ വിഷയത്തിന് അതേ രീതിയിൽ നിവേദനം നടത്തിയാൽ എന്താണ് കുഴപ്പം?

<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u> : സർ, ശ്രീ. വി. ചെന്താമരാക്ഷൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ കണ്ടത് തൊഴിലാളികളുടെ പ്രശ്നം സംബന്ധിച്ചാണ്. അതേ സമയം തന്നെ എന്റെ നാട്ടുകാരനായ ഒരാളിന്റെ കാര്യത്തിനുവേണ്ടി ഞാൻ ഇങ്ങനെ പോകേണ്ടിവന്നുവെന്ന് പേഴ്സണൽ വിശദീകരണം നടത്തിയ അവസരത്തിൽ അദ്ദേഹം സത്യം പുറത്ത് പറഞ്ഞു. സാധാരണ നാട്ടുകാരുടെ പ്രശ്നം വന്നാൽ ആരും ഇട പെട്ടുപോകും. അങ്ങനെ അദ്ദേഹം ഇടപെട്ടുവെന്ന സത്യം പറഞ്ഞിട്ടും നമ്മുടെ ലാ മിനിസ്റ്റർ അദ്ദേഹത്തിന്റെ ലാ വകുപ്പിൽകൂടി വിശാലമായി നോക്കിയപ്പോൾ അദ്ദേഹത്തിന് ഇത് എങ്ങനെ ബോദ്ധ്യമായിയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും ഇക്കാര്യത്തിൽ പരസ്പരവിരുദ്ധ

മായ പ്രശ്നങ്ങളാണ് ഉയർത്തപ്പെട്ടിരിക്കുന്നത് എന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ആകെ മൊത്തം സ്ഥിതിഗതികൾ നോക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ അഭിപ്രായം മാത്രം കേട്ടുകൊണ്ട് ഞങ്ങളിവിടെ വെറുതെ ഇരിക്കുന്നത് ശരിയല്ല. വളരെ ഗൗരവതരമായ ആക്ഷേപമാണ് ഉയർന്നിരിക്കുന്നത് എന്നുള്ളതുകൊണ്ട് ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് അന്വേഷിക്കാൻ ഗവൺമെന്റ് സന്നദ്ധമല്ലാത്ത സാഹചര്യത്തിൽ ഞങ്ങളുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻവേണ്ടി ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി.എസ്.അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിന്റെ വനങ്ങൾ കൊള്ളയടിക്കുന്നത് അതീവ ഗുരുതരമായ വിഷയമാണ് എന്നാണ് ഇപ്പോൾ അടിയന്തര പ്രമേയത്തിലൂടെ ഇവിടെ ഉന്നയിക്കപ്പെട്ടത്. നിർഭാഗ്യവശാൽ പാട്ടക്കാലാവധി കഴിഞ്ഞാൽ ആ വനഭൂമി തിരിച്ചെടുക്കേണ്ടതില്ല. അതിന് കോടതികളുണ്ട്, കോടതികളുടെ സ്റ്റേയുണ്ട്, കോടതിയുടെ സൗജന്യങ്ങൾ കിട്ടും, ആ സൗജന്യം കിട്ടാൻ ഇടയില്ലെങ്കിൽ ഗവൺമെന്റിനുവേണ്ടി വാദിക്കുന്ന വക്കീലന്മാരെ ഗവൺമെന്റ് സ്വാധീനിച്ചാൽ ഈ തോട്ടം ഉടമകൾക്ക് അനുകൂലമാക്കിമാറ്റുന്ന നയം വനം വകുപ്പു സ്വീകരിക്കുന്നത് കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ അമർഷമുള്ളതാണ്. നമ്മൾ രണ്ട് കൂട്ടരും വനം സംരക്ഷിക്കാൻ വേണ്ടിയുള്ള കാര്യത്തിൽ യോജിച്ച് നിൽക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. അതേ സമയം അദ്ദേഹം പറഞ്ഞത് പത്ര മാധ്യമങ്ങളിൽ വരുന്നതിന്റെ പുറകെ പോകാൻ ഗവൺമെന്റ് തയ്യാറല്ലെന്നാണ്. പത്ര മാധ്യമങ്ങൾ മാത്രമല്ല കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്ന ശ്രീ. വി.എം. സുധീരനെ പോലെയുള്ള ഒരാൾ എഴുതി തയ്യാറാക്കിയ രേഖ മുഖ്യമന്ത്രിക്കും പത്രമാധ്യമങ്ങൾക്കും കൊടുത്തു. ആ പത്ര വാർത്തയാണ് ഇവിടെ മുഖ്യമന്ത്രി സന്ദർഭോചിതമായി നിഷേധിച്ചിരിക്കുന്നത്. ഒന്നുകിൽ ശ്രീ. വി.എം. സുധീരനെപ്പോലുള്ള ആളുകൾ ഈ ഗവൺമെന്റിനെതിരായി നുണപ്രചരണം നടത്തുകയാണ് എന്ന് നിങ്ങൾ പറയണം. ഞങ്ങളുടെ അഭിപ്രായമല്ല. ശ്രീ. സുധീരനാണ് പറഞ്ഞിരിക്കുന്നത് നിരന്തരമായി വനം പ്രശ്ന

ങ്ങളിൽ ഹൈക്കോടതിയിൽ ഈ ഗവൺമെന്റ് തോറ്റുകൊടുക്കുന്നു എന്ന്. എന്തിനാണ് തോൽക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കേസുകൾ പരി ശോധിക്കണം. ആ അഭിപ്രായത്തിന് ഇവിടെ വിലയില്ല. ഞങ്ങൾ പറ ഞ്ഞാൽ ഇവിടെ വിലയില്ല. നിങ്ങൾ എല്ലാ കാര്യത്തിനും ഇവിടെ പറയു ന്നതെന്താണ്; ഞങ്ങൾ ഇങ്ങനെ ചെയ്തു അതുകൊണ്ട് നിങ്ങൾ അങ്ങനെ ചെയ്യുന്നു. അങ്ങനെ എത്രനാൾ വാദിക്കാൻ പറ്റും? ഇവിടെ വനം ആദ്യ മായി വിട്ടുകൊടുത്തത് ആരാണെന്ന് ചോദിച്ചതിന്റെ അർത്ഥം യു.ഡി.എഫ്.-ന് വിട്ടുകൊടുക്കാമെന്നാണ്. യു.ഡി.എഫ്. കേരള ത്തിലെ വനം സംരക്ഷിക്കുന്ന കാര്യത്തിൽ അയവേറിയ ഒരു നയമാണ് സ്വീകരിച്ചിരിക്കുന്നത് എന്ന്. അങ്ങിവിടെ പറയുന്നതെല്ലാം യഥാർത്ഥ ത്തിൽ മുഖവിലയ്ക്കെടുക്കാൻ നിവൃത്തിയില്ല. കാരണം ഞാനല്ല പറ ഞ്ഞത്. അങ്ങയുടെ സുഹൃത്ത് ശ്രീ. വി.എം. സുധീരനാണ് പറഞ്ഞത്. അങ്ങ് ബോധപൂർവ്വമായി തോറ്റുകൊടുക്കുകയാണെന്നും വനം പാട്ടത്തി നെടുത്ത ആളുകൾക്കുവേണ്ടി, വനം മാഫിയക്ക് വേണ്ടി. കരാർ കാലാവധി കഴിഞ്ഞാൽ അത് ഒഴിപ്പിച്ചെടുക്കുന്നില്ല എന്നും. നിങ്ങൾ ഉയർന്ന കോടതിയിൽ പോകുന്നില്ല. നിങ്ങൾ വക്കീലൻമാർക്ക് ആവശ്യ മായ രേഖകൾ കൊടുക്കുന്നില്ല. അതിന്റെ പിന്നിൽ നിങ്ങളാരും ശ്രദ്ധി ക്കാറില്ല. വനം കൊള്ളയടിക്കുകയാണ്. വനം കൊള്ളയ്ക്ക് എതിരായി ട്ടാണ് നമ്മൾ യോജിക്കണമെങ്കിൽ ശ്രീ. വി.എം. സുധീരൻ അടങ്ങുന്ന ഒരു സമിതിയെ വച്ചെങ്കിലും ഒരന്വേഷണം നടത്തണം. നമ്മൾ രണ്ട്

കൂട്ടരും വ്യത്യസ്തമായ രണ്ട് ധ്രുവങ്ങളിലാണ്. നിങ്ങൾ ബോധപൂർവ്വമായി കേസ് തോറ്റ് വനം മാഫിയയ്ക്ക് കീഴടങ്ങുന്നു എന്നാണ് ഞങ്ങളുടെ ആക്ഷേപം. നിങ്ങൾ പറയുന്നത് ഞങ്ങളും ഇതുപോലെ ചെയ്തിട്ടുണ്ടെന്നാണ്. അപ്പോൾ അതിനെ നിങ്ങൾ ന്യായീകരിക്കുകയാണല്ലോ. ഇപ്പുറത്ത് അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങളും അങ്ങനെ ചെയ്ത് ന്യായീകരിക്കുകയാണോ; അല്ലെങ്കിൽ നിക്ഷ്പക്ഷമായി കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, വനംമേഖലകളിൽ പാട്ടം എന്താണ്; പാട്ടക്കരാർ എന്താണ്; എങ്ങനെയാണ് ഭൂമി നഷ്ടപ്പെടുന്നത്; ഇതിനെയൊക്കെ സംബന്ധിച്ച് സമഗ്രമായ ഒരു പരിശോധന നടത്തണം. മിതമായ ഒരു കാര്യമാണ് ഞങ്ങൾ ഉന്നയിച്ചത്. ഞങ്ങളുടെ ആവശ്യമല്ല അത്. കേരളത്തിലാകെ ഉയർന്നുവന്ന ആവശ്യമാണ്. പല പ്രമുഖൻമാരും പറഞ്ഞ കാര്യങ്ങളാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, അങ്ങേയ്ക്ക് വേണ്ടിയാണ് ഈ പറയുന്നത്. അങ്ങ് വനം മാഫിയയുടെ ആളാണെന്ന് ഞങ്ങളല്ല പറയുന്നത്. വനംവകുപ്പ് ആരാണ് ഭരിക്കുന്നതെന്ന് താമസംവിനാ അറിയാമെന്ന് പറഞ്ഞിരിക്കുന്ന കേന്ദ്രമുണ്ട്. അങ്ങയുടെ പാർട്ടി പ്രസിഡന്റാണ്. .....(ബഹളം)....... ശ്രീ. വി.എം. സുധീരനെക്കാളും വലിയ നേതാവ് ശ്രീ. ടി.എൻ. പ്രതാപനാകണ്ട. അതുകൊണ്ട് അദ്ദേഹം പറഞ്ഞ കാര്യമെങ്കിലും നിങ്ങൾ സ്വീകരിക്കണം. അത് സ്വീകരിക്കാത്ത സാഹചര്യത്തിൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗ ങ്ങളും സഭയിൽനിന്നും പുറത്ത് പോയി)

ശ്രീ. മാത്യു ടി. തോമസ്: സർ, മുഖ്യമന്ത്രി ഈ വിഷയത്തിലിടപെട്ടുകൊണ്ട് സംസാരം ആരംഭിച്ചത് ഒരു പോസിറ്റീവ് സൈൻ ഇവിടെ കാണുന്നു എന്നുപറഞ്ഞുകൊണ്ടാണ്. വന–പരിസ്ഥിതി സംരക്ഷണത്തിന് പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ മൽസരിക്കുന്നു എന്ന ഒരു സൂചനയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. ഈ മത്സരത്തിൽ തോൽക്കുന്നത് ആരാണ്?

മി. സ്പീക്കർ: ഈ സഭാ സമ്മേളനം വെബ് ക്യാമറ മാത്രമല്ല, ഇത് വീക്ഷിക്കുന്നതിനും പഠിക്കുന്നതിനും നാടിന്റെ നാനാഭാഗത്തുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികൾ കൂടി ഈ സഭയിൽ ഉണ്ടെന്ന് ചെയർ ഓർമ്മിപ്പിക്കുകയാണ്.....യേസ്...പ്ലീസ്....

ശ്രീ. മാത്യൂ ടി. തോമസ്: വന സംരക്ഷണത്തിനുവേണ്ടിയുള്ള മത്സരം ഭരണപക്ഷവും പ്രതിപക്ഷവും നടത്തിക്കൊണ്ടിരിക്കുമ്പോൾതന്നെ പരാജയപ്പെടുന്നത് വനസംരക്ഷണത്തിനുവേണ്ടിയുള്ള നടപടികളാണ്. കോടതികളിൽ നിരന്തരമായി ഇതിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് നാം രണ്ട് കൂട്ടരും അംഗീകരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാൻ ശ്രമിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചുകൊണ്ടിരിക്കുമ്പോഴും പരാജയം ഉണ്ടായി എന്നാണ്. ശരിയായിരിക്കാം. ഒരു കാര്യം വളരെ വ്യക്തമാണ്. വന സംരക്ഷണത്തിനുവേണ്ടി ഗവൺമെന്റ് തലത്തിൽ സ്വീകരിക്കുന്ന നടപടികളൊക്കെ പലതരത്തിൽ പരാജയപ്പെട്ടുപോകുന്ന അവസ്ഥാവിശേഷം ഉണ്ടാകുന്നു. ഇത് വളരെ

ഗൗരവമായി നാം കാണേണ്ടതായിട്ടുണ്ട്. ഈ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന കാര്യത്തിൽ കോടതികൾ കേസ് തോൽക്കുന്നത് സ്വാഭാവികമായി ഉണ്ടാകുന്ന തോൽവിയല്ല എന്ന ഒരു സംശയം ഇന്ന് ജനങ്ങളുട മുന്നിൽ ഉണ്ടായിരിക്കുകയാണ്. അതിനെ സംബന്ധിച്ചാണ് ഭരണപക്ഷവും പ്രതിപക്ഷവും കൂടി ഉൾക്കൊള്ളുന്ന നിയമസഭാ സമിതി പരിശോധിക്കാമെന്ന നിർദ്ദേശം ഞങ്ങൾ വച്ചത്. ആ നിർദ്ദേശം സ്വീകരിക്കപ്പെടാതെ പോയത് കഷ്ടമായിപ്പോയി. വന സംരക്ഷണത്തിന്റെയും പ്രകൃതി സംരക്ഷണത്തിന്റെയും കാര്യത്തിൽ ഒറ്റക്കെട്ടായി ഭരണ–പ്രതിപക്ഷ ഭേദമന്യേ നാം നിലനിൽക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇതിലെ കള്ളനാണയങ്ങളെ തിരിച്ചറിയുവാൻ, 'പാരീസിൽ എന്തോ ചീഞ്ഞുനാറുന്നു' എന്നു പറയുന്നതുപോലെ 'കോടതി നടപടികളിൽ എന്തോ ചിലതൊക്കെ ചീഞ്ഞുനാറുന്നു'. ഇത് കണ്ടെത്തുവാനുള്ള ഒരു സത്യസന്ധമായ പരിശ്രമം ഉണ്ടാകാത്തതിൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യു ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്ത് പോയി)

<u>ശ്രീ. എ.എ. അസീസ്:</u> സർ, നെല്ലിയാമ്പതി എസ്റ്റേറ്റിലെ തൊഴിലാളികൾ തൊഴിൽ സ്ഥിരതയ്ക്കുവേണ്ടിയും അവരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന നിലയിലും വളരെ നാളുകളായി സമരത്തിലായിരുന്നു. പലപ്രാവശ്യം ആ തൊഴിലാളികൾ ഇവിടെ നിവേദനവുമായി എത്തിയിരുന്നതാണ്. അവർക്ക് വലിയ ആശങ്കയായിരുന്നു. ആ തോട്ടങ്ങൾ സ്വകാര്യ ഉടമകൾ ഏറ്റെടുക്കുന്നു, സർക്കാർ ഏറ്റെടുത്ത് അവരുടെ തൊഴിൽ സംരക്ഷിക്കണം എന്നുള്ളതായിരുന്നു നിവേദനം. അതീവ ഗുരുതരമായ പ്രശ്നമാണ് അവിടെ നിലനിന്നത്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്ത് പോയി)

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, ഇവിടെ മുഖ്യമന്ത്രി സംസാരിച്ചു തുടങ്ങിയപ്പോൾ തോന്നിയത് ഒരു നല്ല ചർച്ചയ്ക്കും ഉചിതമായ തീരുമാനത്തിനും സാഹചര്യമുണ്ടാകും എന്നായിരുന്നു. ഇവിടെ ഈ പ്രശ്നം ജനങ്ങൾ സംശയിക്കാൻ കാരണം പ്രതിപക്ഷത്തിന്റെ ആരോപണമല്ല. മുഖ്യമന്ത്രി ദയവായി ചെയ്യേണ്ടത്, അദ്ദേഹത്തിന്റെ പർട്ടിയിലെ പ്രമുഖനായ നേതാവ് ശ്രീ. വി.എം. സുധീരനെയെങ്കിലും ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിക്കണം. അദ്ദേഹത്തിനുപോലും ബോധ്യമാകാത്ത ഒരു കാര്യം പ്രതിപക്ഷത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചാൽ അതെങ്ങനെയാണ് ശരിയാകുക. അതുപോലെ ശ്രീ. കെ.ബി. ഗണേഷ് കുമാറിന് വേണ്ടിയാണ് യഥാർത്ഥത്തിൽ ഞങ്ങൾ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത്. അദ്ദേഹത്തിന് ആത്മാർത്ഥതയുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ പാർട്ടിയുടെ പ്രസിഡന്റും എൻ.എസ്.എസ്. ന്റെ ജനറൽ സെക്രട്ടറി ശ്രീ. സുകുമാരൻ നായരും പറഞ്ഞത് അദ്ദേഹത്തിന്റെ വകുപ്പ് ആരാണ് ഭരിക്കുന്നത് എന്ന് പിന്നീട് തെളിയുമെന്നാണ്. എന്താണ് അതിനകത്തുള്ളത്. അതിൽ ഒരു തെറ്റായ സൂചനയുണ്ട്.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ,.....(ബഹളം)....

ശ്രീ. എ.കെ. ശശീന്ദ്രൻ: സബ്ജക്ടൊക്കെ ഞാൻ പറഞ്ഞോളാം. അവിടിരുന്നാൽ മതി. അദ്ദേഹത്തിന്റെ വകുപ്പ് ഭരിക്കുന്നത് അദ്ദേഹമല്ലെന്നാണ് പറഞ്ഞത്. അദ്ദേഹം അറിയാതെയാണ് അദ്ദേഹത്തിന്റെ വകുപ്പിൽ കാര്യങ്ങൾ നടക്കുന്നത് എന്ന സന്ദേഹവും ഉയർന്നുവന്ന

സാഹചര്യത്തിലാണ് സത്യസന്ധമായി കാര്യങ്ങൾ എങ്ങനെയാണ് നടക്കേണ്ടത് എന്നതിനെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താനാണ് ഒരു നല്ല പഠനം ഒരു സമിതിയെക്കൊണ്ട് നടത്തണമെന്ന് ആവശ്യപ്പെട്ടത്. ...........(ബഹളം).....

മി. സ്പീക്കർ: ഇവിടെ ഒന്നും ചട്ടങ്ങൾക്കനുസരിച്ചല്ല നടക്കുന്നത്. ശ്രീ. എ.കെ. ശശീന്ദ്രൻ, അങ്ങ് എന്തുകൊണ്ട് വാക്കൗട്ട് നടത്തുന്നു എന്ന് പറയണം. ................(ബഹളം)...........

ശ്രീ. എ.കെ. ശശീന്ദ്രൻ: ആ ആവശ്യത്തെ നിരാകരിച്ചതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. ...........(ബഹളം)

(ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്ത് പോയി)